**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2341 | 05.02.2018 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലാണെന്നതും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങൾ ദുരിതത്തിലാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |
| (ബി) ഈ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയെ കുറിച്ച് എന്തെങ്കിലും പഠനം ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇല്ല. |
| (സി) പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ ഇതിനകം ഏതൊക്കെ നടപ്പിലാക്കി എന്നും ശേഷിക്കുന്നവയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ; | (സി) മുൻകാലങ്ങളിലെ ശുപാർശകളിൽ കാലാനുസൃതമായ പരിഗണനയോടെ നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ വ്യവസായങ്ങളുടേയും തൊഴിലാളികളുടേയും സംരക്ഷണത്തിന് 2016-17 വർഷം മുതൽ കൈത്തറി സ്കൂൾ യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതു വഴി നെയ്ത്ത് തൊഴിലാളികൾക്ക് തൊഴിലും സുരക്ഷയും കൂലിയും ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.<br>കൈത്തറി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തറി ആധുനികവൽക്കരണത്തിനുള്ള പദ്ധതി, നെയ്ത്തുകാർക്കുള്ള പ്രചോദന പരിപാടി, വിപണന പ്രോത്സാഹനത്തിനായി വില്പന പ്രദർശനങ്ങൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഹാന്റ് ലൂം മാർക്കിന്റെ പ്രചരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>സ്കൂൾ യൂണിഫോം പദ്ധതി വരും വർഷങ്ങളിൽ പൂർണ്ണ തോതിൽ സജ്ജമാക്കുവാൻ സാധിക്കുന്ന തരത്തിൽ കൂടുതൽ നെയ്ത്തുകാരെ ഈ പദ്ധതിയിലേക്ക് |

ആകർഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായുള്ള സമിതിയുടെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ഡി) ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായുള്ള സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഖാദി വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്ന തൊഴിലുപകരണങ്ങൾ നവീകരിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി സ്ഥാപിക്കുകയും ഉല്പാദന സാമഗ്രികളും സെമി ഓട്ടോമാറ്റിക് ലൂമുകളും സ്ഥാപിക്കുകയും റെഡിമെയ്ഡ് വാർപ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി ഉല്പാദനത്തിനുള്ള പഴയ വർക്ക് ഷെഡുകൾ മാറ്റി സ്ഥാപിക്കുന്നതിനും പുതിയ വർക്ക് ഷെഡുകൾ സ്ഥാപിക്കുന്നതിനും പുതിയ തൊഴിലാളികൾക്ക് ഖാദി നെയ്ത്തിൽ പരിശീലനം നൽകുന്നതിനും ഖാദി സ്ഥാപനങ്ങൾക്ക് ഗോഡൗണുകൾ സ്ഥാപിക്കുന്നതിനും സിൽക്ക് നെയ്ത്ത് പ്രോത്സാഹനത്തിന് പദ്ധതി നടപ്പിലാക്കുന്നതിനും പ്രവർത്തന മൂലധനം കുറവായ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ